**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച പ്ലാൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ സർക്കാർ പ്രഖ്യാപിച്ചതിൽ നിന്നും കുറവുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. 2022-23 സാമ്പത്തിക വർഷം 8048 കോടി രൂപയാണ് പ്ലാൻ ഫണ്ട് (വികസന ഫണ്ട്) ആയി വകയിരുത്തിയിട്ടുള്ളത്. ഇതിൽ കുറവ് വരുത്തിയിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നത്. ടി ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച്, വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ഫോർമുല പ്രകാരമാണ് വിന്യസിക്കുന്നത്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വികസന ഫണ്ട് സാധാരണ വിഹിതത്തിന്റെ 1/3തുക മാത്രമേ ബജറ്റ് ഡോക്യുമെന്റായ Appendix IV (2022-23)-ൽ വിതരണം നടത്തിയിട്ടുള്ളൂ. ബജറ്റ് വിഹിതം പൂർണ്ണമായും പുനർവിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇത്തരത്തിൽ കുറവ് വരുത്തിയ തുക പിന്നീട് അനുവദിക്കുമോ; വിശദമാക്കാമോ? | (ബി) | ഇല്ല. 2022-23 സാമ്പത്തിക വർഷം 8048 കോടി രൂപയാണ് പ്ലാൻ ഫണ്ട് (വികസന ഫണ്ട്) ആയി വകയിരുത്തിയിട്ടുള്ളത്. ഇതിൽ കുറവ് വരുത്തിയിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നത്. ടി ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച്, വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ഫോർമുല പ്രകാരമാണ് വിന്യസിക്കുന്നത്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരിക്കുന്ന വികസന ഫണ്ട് സാധാരണ വിഹിതത്തിന്റെ 1/3തുക മാത്രമേ ബജറ്റ് ഡോക്യുമെന്റായ Appendix IV (2022-23)-ൽ വിതരണം നടത്തിയിട്ടുള്ളൂ. ബജറ്റ് വിഹിതം പൂർണ്ണമായും പുനർവിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ